# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

## തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471-2529145

# പത്രക്കുറിപ്പ്

തീയതി: 08.10.2020

## വന്യജീവി വാരാചരണം സമാപിച്ചു

വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ രണ്ടിന ആരംഭിച്ച വന്യജീവിവാരാചരണത്തിന സമാപനമായി. വനംവകുപ്പ് ആസ്ഥാനത്ത് നടന്ന വീഡിയോ കോൺഫറൻസിലൂടെ ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ഡോ. വി.കെ. രാമചന്ദ്രൻ വാരാചരണത്തിന്റെ സംസ്ഥാനതല സമാപനചടങ്ങ് ഉദ്ഘാടനം ചെയ്തു.

രാജ്യത്തെ മികച്ച ജൈവവൈവിധ്യ മേഖലകളിലൊന്നാണ് കേരളമെന്നും വന-വന്യജീവി സംരക്ഷണത്തിൽ സംസ്ഥാന വനം വകുപ്പിന്റെ പ്രവർത്തനം ലോകത്തിനു തന്നെ മാതൃകയാണെന്നും അദ്ദേഹം പറഞ്ഞു. ജനസാന്ദ്രത കൂടുതലാണെങ്കിലും ജൈവവൈവിധ്യ സംരക്ഷണത്തിൽ കേരളം കാട്ടുന്ന അർപ്പണബോധം ശ്ലാഘനീയമാണ്. സാമൂഹിക, സാംസ്കാരിക മേഖലയിലെ നേട്ടങ്ങൾക്കൊപ്പം വിലയിരുത്താവുന്നതാണ് വനസംരക്ഷണ പ്രവർത്തനങ്ങളിൽ കേരളം കൈവരിച്ച നേട്ടങ്ങളെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

നാട്ടിലിറങ്ങുന്ന കാട്ടാനകളെ കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളുടേയും പറമ്പിക്കുളം ടൈഗർ റിസർവ്വിന്റെ നവീകരിച്ച വെബ്സൈറ്റിന്റെ പ്രകാശനവും ഓൺലൈനിലൂടെ അദ്ദേഹം നിർവ്വഹിച്ചു.

മുഖ്യവനം മേധാവി പി.കെ. കേശവൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി രാജേഷ് കുമാർ സിൻഹ മുഖ്യപ്രഭാഷണം നടത്തി. ഭൂവിസ്തൃതിയുടെ 29 ശതമാനത്തോളം വനഭൂമിയായി കാത്തുസൂക്ഷിക്കുകയും വന്യജീവി സംരക്ഷണത്തിൽ വിജയമാതൃകകൾ സൃഷ്ടിക്കുകയും ചെയ്യുന്ന വനംവകുപ്പ് പ്രശംസ അർഹിക്കുന്നതായി അദ്ദേഹം പറഞ്ഞു.

വന്യജീവി വാരാചരണത്തോടനുബന്ധിച്ച് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമായി നടത്തിയ മത്സരങ്ങളുടെ ഫലങ്ങൾ വൈൽഡ്ലൈഫ് ഡെപ്യൂട്ടി ഡയറക്ടർ റെനി ആർ. പിള്ള സമാപനചടങ്ങിൽ പ്രഖ്യാപിച്ചു. പാമ്പുകളുടെ സംരക്ഷണം സംബന്ധിച്ച വിഷയത്തിൽ ഗ്ലോബൽ സ്നേക്ക് ബൈറ്റ് ഇനിഷേറ്റീവ് പ്രോജക്ട് മാനേജർ (ഇൻഡ്യ) റൊമുലസ് വിറ്റേക്കർ ലഘു പ്രഭാഷണം നടത്തി.

ചടങ്ങിന ചീഫ് വൈൽഡ്ലൈഫ് വാർഡൻ സുരേന്ദ്രകുമാർ സ്വാഗതവും, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കെ. വിജയാനന്ദൻ നന്ദിയും പറഞ്ഞു. സമാപനച്ചടങ്ങുകൾ വനം വകുപ്പിന്റെ യൂട്യൂബ് ചാനലിൽ തത്സമയം പ്രക്ഷേപണം ചെയ്തു. കോവിഡ് മാനദണ്ഡങ്ങളുടെ പശ്ചാത്തലത്തിൽ ഡിജിറ്റൽ പ്ലാറ്റ് ഫോമുകളിലൂടെയാണ് ഇത്തവണത്തെ വന്യജീവി വാരാചരണ പരിപാടികൾ സംഘടിപ്പിച്ചത്.

## വന്യജീവി വാരാചരണം: വിവിധ മത്സരങ്ങളിലെ വിജയികൾ

വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്ന വന്യജീവി വാരാചരണത്തോടനുബന്ധിച്ച് സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച വിവിധ മത്സര വിജയികളെ പ്രഖ്യാപിച്ചു.

**ഫോട്ടോഗ്രഫി മത്സരം**

കണ്ണൂർ മുണ്ടയംപറമ്പ പാറയ്ക്കൽ വീട്ടിൽ രവി ഒന്നാം സ്ഥാനവും, തിരുവനന്തപുരം ബാലരാമപുരം ആശിർവാദിൽ ശാലിനി പി.എസ്. രണ്ടാം സ്ഥാനവും, തിരുവനന്തപുരം ചെറിയകോണ്ണി കട്ടയ്ക്കലിൽമേലേ പുത്തൻവീട്ടിൽ രാഹുൽ മൂന്നാം സ്ഥാനവും നേടി. പ്രോത്സാഹന സമ്മാനത്തിന അർഹരായവർ:-

അരുൺലാൽ ഇ.കോഴിക്കോട്, ദീപേഷ് പുതിയപുരയിൽ കാസർഗോഡ്, ജ്യോതിഷ് കുരിയാക്കോസ് പാലക്കാട്, കെ.എം. ആനന്ദ് എറണാകുളം, മുഹമ്മദ് ഹാസിൽ കോട്ടയം, രമേഷ് കല്ലമ്പള്ളി തൃശൂർ, രഞ്ജിത്ത് ഹാഡ്‌ലി ഇടുക്കി, സന്ദീപ് യു. ആലപ്പുഴ, ശ്രീജിത്ത് ആർ. കൊല്ലം, വിനോദ് വേണുഗോപാൽ പാലക്കാട്.

**ഹ്രസ്വചിത്ര അവാർഡ്**

ആലപ്പുഴ ചേർത്തല കളരിക്കൽ വെളിയിൽ വീട്ടിൽ സിദ്ധുദാസ് ഒന്നാം സ്ഥാനവും, ആലപ്പുഴ വയലാർ വിഷ്ണു ഭവനിൽ വിഷ്ണു വിശ്വനാഥൻ രണ്ടാം സ്ഥാനവും, തിരുവനന്തപുരം ആറാലുംമൂട് അതിയന്നൂർ ജയ ജോസ്‌രാജ് മൂന്നാം സ്ഥാനവും നേടി. കൂടാതെ തൃശൂർ വെള്ളിക്കുളങ്ങര ശശിമേനോൻ, ഇരിങ്ങാലക്കുട താണിശ്ശേരി സിദ്ധാർത്ഥ് അജിത്ത് എന്നിവർ പ്രോത്സാഹന സമ്മാനത്തിനും അർഹരായി.

**പോസ്റ്റർ ഡിസൈൻ**

കണ്ണൂർ അഴീക്കോട് പുതിയ വീട്ടിൽ ഭാഗ്യശ്രീ രാജേഷ്, കണ്ണൂർ അലവിൽ സയന ടി.വി.,കൊല്ലം മങ്ങാട് നികാഷ്‌രാജ് എന്നിവർ ഒന്നും,രണ്ടും,മൂന്നും സ്ഥാനങ്ങൾ നേടി. കൂടാതെ അതുൽ തൃശൂർ, ആദിത്യൻ കാസർഗോഡ്, അക്ഷയ ഷമീർ കണ്ണൂർ, പൂർണ്ണിമ പ്രിയദർശിനിലങ്ക ഭുവനേശ്വർ ഒഡീഷ, വിഷ്ണു പി. കണ്ണൂർ, എന്നിവർ പ്രോത്സാഹന സമ്മാനത്തിനും അർഹരായി.

**യാത്രാവിവരണം (മലയാളം)**

അശ്വനി കൃഷ്ണ (സുൽത്താൻബത്തേരി വയനാട്)ഒന്നാം സ്ഥാനവും, സന്ദീപ് യു. (ഹരിപ്പാട് ആലപ്പുഴ) രണ്ടാം സ്ഥാനവും, എ.കെ. വേണുഗോപാൽ (ചെറായി എറണാകുളം) മൂന്നാം സ്ഥാനവും നേടി. പ്രോത്സാഹന സമ്മാനത്തിന അർഹരായവർ:-

വിവേക് കെ.ആർ. ചങ്ങനാശ്ശേരി, തുളസി ആർ. പാലക്കാട്, രാധേഷ്കുമാർ എൻ.ജി. ആലപ്പുഴ, രഹന റെഫീക്ക് തിരുവനന്തപുരം, സന്ദീപ് ശശിധരൻ എറണാകുളം, ബാകുൽഗീത് തൃശൂർ, രമ്യ എസ്. ആനന്ദ് എറണാകുളം, ശ്രീനി സി.യു. എറണാകുളം, വർഷ കെ.വി. മലപ്പുറം, ഗൗതം വിഷ്ണു എൻ. പുത്തൻചിറ, കീർത്തി രാധാകൃഷ്ണമേനോൻ പാലക്കാട്, ശ്രീജിത്ത് ജി. കാമത്ത് എറണാകുളം.

**യാത്രാവിവരണം (ഇംഗ്ലീഷ്)**

ഐശ്വര്യശ്രീധർ മുബൈ ഒന്നാം സ്ഥാനവും, രഹനാറഫീക്ക് തിരുവനന്തപുരം, അഹിർ ബുധന്യൻ എം, ആലപ്പുഴ എന്നിവർ രണ്ടാം സ്ഥാനവും, രോഷ്നി കെ. ആർ. ചെന്നൈ മൂന്നാം സ്ഥാനവും നേടി.

**പ്രശ്നോത്തരി (ഹയർ സെക്കണ്ടറി)**

ഒന്നാം സ്ഥാനം-ശ്രീറാം മാധവൻ, (ഭാരതീയ വിദ്യാഭവൻ വിദ്യാമന്ദിർ പൂച്ചട്ടി, തൃശൂർ). രണ്ടാം സ്ഥാനം- മീനാഗിരീഷ്, (ചിന്മയ വിദ്യാലയം വഴുതക്കാട് തിരുവനന്തപുരം). മൂന്നാം സ്ഥാനം- ഹൃദയേഷ് ആർ. കൃഷ്ണൻ, (സെന്റ്തോമസ് സ്കൂൾ, മുക്കോലക്കൽ) തിരുവനന്തപുരം.

**പ്രശ്നോത്തരി (കോളേജ് വിഭാഗം)**

ഷഹനാസ് സി.കെ. (ഗവ. ദന്തൽ കോളേജ്, കോഴിക്കോട്) ഒന്നാം സ്ഥാനവും, മാളവിക വി. (എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പൂജപ്പുര, തിരുവനന്തപുരം) രണ്ടാം സ്ഥാനവും, ജിത്തു കെ. ജോസ്, (സെന്റ്തോമസ് കോളേജ് പാല) എന്നിവർ മൂന്നാം സ്ഥാനവും നേടി.



ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ